# Syro-Malabar Eparchy of St Thomas the Apostle, Melbourne

Prot. No. MPL 138/21/65

**സർക്കുലർ**

FaithFest 2022

മിശിഹായിൽ പ്രിയപ്പെട്ട മാതാപിതാക്കളേ, വിശ്വാസപരിശീലകരേ, ബഹുമാനപ്പെട്ട വൈദികരേ,

നമ്മുടെ കുഞ്ഞുങ്ങൾ വിശ്വാസപരിശീലനത്തിന്റെ ഒരു വർഷം പൂർത്തിയാക്കിക്കഴിഞ്ഞു. ഓൺലൈനായും ഓഫ്‌ലൈനായും ഈ വർഷം നടന്ന വിശ്വാസപരിശീലന പരിപാടികൾക്ക് നേതൃത്വം നൽകിയ വികാരിയച്ചന്മാരെയും പ്രിൻസിപ്പൽമാരെയും അധ്യാപകരെയും ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു.

2021 മുതൽ നമ്മുടെ രൂപതയിലെ വിശ്വാസപരിശീലന വിഭാഗം വഴി കുട്ടികൾക്കും യുവജനങ്ങൾക്കുമായി നടപ്പിലാക്കിയ FaithFest 2020-21 കുട്ടികൾക്കും അധ്യാപകർക്കും വലിയ സന്തോഷത്തിനും ഇടവക സമൂഹങ്ങളുടെ ഉണർവിനും കാരണമായി എന്നത് നിങ്ങൾക്കെല്ലാവർക്കും ബോധ്യമായ കാര്യമാണെന്ന് ഞാൻ കരുതുന്നു. FaithFest നടന്ന കുറേയേറെ സ്ഥലങ്ങളിൽ ഞാൻ കുട്ടികളെ സന്ദർശിച്ചിരുന്നു. വിശ്വാസജീവിതം ആനന്ദപ്രദമെന്നറിയുന്ന ദിനങ്ങളായിരുന്നു കുഞ്ഞുങ്ങളെ സംബന്ധിച്ചിടത്തോളം ആ നാളുകൾ. ഈ വർഷവും മൂന്നു ദിവസങ്ങളിലെ FaithFest നായി കുട്ടികളെയും മാതാപിതാക്കളെയും സജ്ജരാക്കണമെന്ന് വികാരിയച്ചന്മാരോടും അധ്യാപകരോടും ഞാൻ അഭ്യർത്ഥിക്കുന്നു. താഴെപ്പറയുന്ന വിധത്തിൽ FaithFest 2022 ന് തയ്യാറാകാൻ എല്ലാ ഇടവകകളെയും മിഷൻ കുടുംബങ്ങളെയും ഞാൻ സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു:

1. സൗകര്യപ്രദമായ തുടർച്ചയായ മൂന്നു ദിവസങ്ങൾ തീരുമാനിച്ച് മാതാപിതാക്കളെ അറിയിക്കുക.

2. ആവശ്യമെങ്കിൽ സൗകര്യപ്രദമായ സ്ഥലം നേരത്തെ ബുക്ക് ചെയ്യുക.

3. മുന്നൊരുക്കമായി സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചു ചേർക്കുക.

4. ഇടവകയിൽ നിന്ന് മുൻവർഷങ്ങളിൽ പന്ത്രണ്ടാം ക്ലാസ് പൂർത്തിയാക്കിയ യുവജനങ്ങളുടെ സേവനം ആ ദിവസങ്ങളിലേക്ക് ഉറപ്പുവരുത്തുക.

5. ആവശ്യമായ സന്നദ്ധപ്രവർത്തകരുടെ സേവനം തേടുകയും എല്ലാവർക്കും സേഫ്ഗാർഡിങ് പോളിസി അനുസരിച്ചുള്ള രേഖകൾ തയ്യാറാക്കുകയും ചെയ്യുക.

6. നമ്മുടെ രൂപതയുടെ വിശ്വാസപരിശീലന വിഭാഗം തയ്യാറാക്കിയ 'Something Beautiful for God' ന്റെ രണ്ടാം വാല്യം അധ്യാപകർക്കും സന്നദ്ധപ്രവർത്തകർക്കും പഠനസഹായിയായി നൽകുക.

മിശിഹായിൽ സ്നേഹത്തോടെ,

നിങ്ങളുടെ പിതാവ്

+ ബോസ്കോ പുത്തൂർ — 2021 ഡിസംബർ 3

NB: ഈ സർക്കുലർ 2021 ഡിസംബർ 5ന് (ഞായർ) പള്ളിയിൽ വായിക്കേണ്ടതാണ്.